**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നം.3639** **11/12/2018 -ൽ മറുപടിക്ക്**

## ഉന്നത വിദ്യാഭ്യാസ രംഗത്തെ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ | | ഡോ.കെ.ടി.ജലീൽ<br>(ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) | |
| (എ) | ഉന്നത വിദ്യാഭ്യാസ രംഗത്ത് അക്കാഡമിക് വോളന്റിയർ ബാങ്ക്, ബ്രെയിൻ ഗെയിൻ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (എ) | കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് അക്കാദമിക് വോളന്റിയർ ബാങ്ക്. അക്കാദമിക രംഗത്തും, മറ്റ് തുറകളിലും പ്രവർത്തിക്കുന്ന വിദഗ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു റിസോഴ്സ് പൂൾ രൂപീകരിക്കാനും പ്രസ്തുത പൂളിലെ അംഗങ്ങളുടെ സേവനം ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താനുമാണ് ഉദ്ദേശിക്കുന്നത്. അക്കാദമിക് വോളന്റിയർ ബാങ്ക് രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>പ്രവാസി ഇന്ത്യാക്കാർ വിശിഷ്യാ മലയാളികളായ, അക്കാദമിക് വിദഗ്ധരും പണ്ഡിതരും വിവിധ വിദേശ രാജ്യങ്ങളിൽ സേവനമനുഷ്ഠിച്ചു വരുന്നുണ്ട്. ഇവരുടെ സേവനം സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിവിധ അക്കാദമിക പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുക എന്നതാണ് ബ്രെയിൻ ഗെയിൻ സംവിധാനം കൊണ്ട് ഉദ്ദേശിക്കുന്നത്. എറുഡൈറ്റ് പദ്ധതിയുമായി സംയോജിപ്പിച്ചാണ് |

| | | | |
|---|---|---|---|
| | | | ബ്രെയിൻ ഗെയിൻ ആശയം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിൻ പ്രകാരം 2017-18 ൽ 20-ൽ പരം പണ്ഡിതരേയും അക്കാദമിക്കുകളേയും കേരളത്തിലെ സർവകലാശാലകളിലും കോളേജുകളിലും എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | ജസ്റ്റീസ് കെ.കെ.ദിനേശൻ കമ്മിറ്റിയുടെ ശിപാർശകൾ നടപ്പിലാക്കുന്നതിനായി നാളിതു വരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്ത മാക്കുമോ ? | (ബി) | ദിനേശൻ കമ്മീഷൻ റിപ്പോർട്ട് തത്ത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇന്റേണൽ അസസ്സ്മെന്റ് സംവിധാനം തികച്ചും അശാസ്ത്രീയ മാണെന്ന് വിലയിരുത്തുന്നുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത സംവിധാനം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | വിലയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ